**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6421** **21.11.2019-ൽ മറുപടിക്ക്**

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ; | (എ) മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് പ്രവൃത്തിക്ക് 16/02/2012-ലെ സ.ഉ (സാധാ) നം. 238/12/പൊ.മ.വ പ്രകാരം 25 കോടി രൂപക്ക് സർക്കാരിൽ നിന്നും ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ 15 കോടി രൂപ നിർമ്മാണ പ്രവൃത്തികൾക്കും 10 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനും വേണ്ടിയാണ് നീക്കി വെച്ചിരിക്കുന്നത്. തുടർന്ന് 17/10/2012-ന് പ്രവൃത്തിക്കാവശ്യമായ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ചു. 20/11/2012 ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള LA Proposal മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 18/04/2013 ൽ പ്രവൃത്തി നിരത്തുകൾ വിഭാഗം, ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ചെയ്യുകയും ശ്രീ.വി.രജീന്ദ്രനാഥ്, നാഥ് ചേവരമ്പലം, കോഴിക്കോട് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് 16/04/2014-ൽ SE.(K)214/13-14 നമ്പർ പ്രകാരം കരാർ ഉടമ്പടി ഒപ്പ് വെച്ചു. 27/01/2014-ന് സൈറ്റ് കൈമാറി. പ്രവൃത്തി തുടങ്ങാൻ ശ്രമം നടത്തിയെങ്കിലും സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കാത്തതിനാൽ സ്ഥലമുടമകൾ പ്രവൃത്തി തടസ്സപ്പെടുത്തി.<br>18/09/2015, 20/11/2015 എന്നീ തീയതികളിലായി കി.മീ 4/000 മുതൽ 5/850 വരെ ആവശ്യമായ 1.2393 ഹെക്ടർ ഭൂമി ഏറ്റെടുത്തു. 16/12/2015-ൽ അന്നത്തെ |

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രവൃത്തി പുരോഗതി വിലയിരുത്താൻ യോഗം ചേർന്നു. യോഗ തീരുമാനപ്രകാരം 16/01/2014 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിക്ക് സ്ഥലം ഭാഗികമായി ലഭ്യമായത് 2015 നവംബറിൽ ആയതിനാൽ പ്രവൃത്തി ചെയ്യാനുള്ള സമയം ദീർഘിപ്പിച്ച് സ്ഥലം ഏറ്റെടുത്ത കി.മീ. 4/000 മുതൽ 5/850 വരെയുള്ള ഭാഗങ്ങളിൽ പ്രവൃത്തി ചെയ്യാൻ കോൺട്രാക്ടർക്ക് 01/01/2016-ൽ പുതുക്കി സൈറ്റ് കൈമാറി. സ്ഥലം ഏറ്റെടുത്ത ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികളുടേയും, കൾവർട്ടുകളുടേയും പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയാക്കി. റോഡ് ഫോർമേഷൻ പ്രവൃത്തി ആരംഭിച്ചപ്പോൾ വാട്ടർ അതോറിറ്റി പൈപ്പുകൾ പൊട്ടുകയും കൂടാതെ ഇലക്ട്രിസിറ്റി ലൈനുകൾ മാറ്റി സ്ഥാപിക്കാത്തതുകൊണ്ടും 2016 മെയ് മാസത്തിൽ നിർമ്മാണ പ്രവൃത്തി കോൺട്രാക്ടർ നിർത്തി വെച്ചു. ഇതിനിടയിൽ കരാറുകാരന്റെ എഗ്രിമെന്റ് കാലാവധി 31/12/2016 ന് അവസാനിക്കുകയും ചെയ്തു. നിലവിൽ ഭൂമി അക്വയർ ചെയ്യാനുള്ള സമയം 5 വർഷത്തിലധികം എടുത്തതിനാൽ കറന്റ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കരാറുകാരൻ WP (C) No. 15314/2019 നമ്പറിൽ ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ഇതിന്മേൽ മൂന്നുമാസം കൊണ്ട് കോൺട്രാക്ടറുടെ അപേക്ഷ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്നും 08/07/2019-ന് ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 16/07/2019-ലെ സർക്കാർ ഉത്തരവ് നം. സ.ഉ(സാധാ) 881/2019/പി.ഡബ്ല്യൂ.ഡി പ്രകാരം കരാറുകാരനെ റിസ്ക് & കോസ്റ്റ് ഇല്ലാതെ ടെർമിനേറ്റ് ചെയ്യാൻ ഉത്തരവാകുകയും ഏറ്റെടുത്ത സ്ഥലങ്ങളിൽ പ്രവൃത്തി ഘട്ടംഘട്ടമായി നടത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മൂടാൽ- കഞ്ഞിപ്പുര ബൈപ്പാസ് പ്രവൃത്തി കി.മീ. 0/000 മുതൽ 6/000 വരെയാണുള്ളത്.

| | | |
|---|---|---|
| | | കി.മീ. 4/000 മുതൽ 6/000 വരെയുള്ള 2 കി.മീ ഭാഗത്തിന്റെ എൽ.എ നടപടികൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. 0/000 മുതൽ 4/000 വരെയുള്ള ഭാഗത്തിന്റെ എൽ.എ നടപടികൾ അവസാന ഘട്ടത്തിലാണ്. കഞ്ഞിപ്പുര-മൂടാൽ ബൈപാസ് റോഡിന്റെ 0/000 - 6/000 കി.മീ. വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ തയ്യാറാക്കിവരികയാണ്. |
| (ബി) | ഏറ്റെടുത്ത ഭൂമിക്ക് ഇനി എത്ര തുക നൽകാനുണ്ട്; | (ബി) ഇതുവരെ ഏറ്റെടുത്ത ഭൂമിക്ക് 40,82,86,641/- രൂപ എൽ.എ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഇനി തുകയൊന്നും നൽകാനില്ല. |
| (സി) | റോഡ് നിർമ്മാണത്തിന് ഇനി എത്ര തുക ആവശ്യമുണ്ട്; ഇതുസംബന്ധിച്ച് എക്സിക്യൂട്ടീവ് എൻജിനീയർ പ്രൊപ്പോസൽ ചീഫ് എൻജിനീയർക്ക് അയച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; | (സി) കഞ്ഞിപ്പുര-മൂടാൽ 0/000 മുതൽ 6/000 വരെയുള്ള റോഡിന്റെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. ഡി.പി.ആർ തയ്യാറാക്കിയാൽ മാത്രമേ തുക എത്രയാകും എന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| (ഡി) | കഞ്ഞിപ്പുര-മൂടാൽ റോഡ് നിർമ്മാണത്തിനു വേണ്ടി വരുന്ന തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**